# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3278 21.08.17 ൽ മറുപടിയ്ക്ക്**

**<u>പൊതുഗതാഗത സംവിധാനം ഉപയോഗിക്കുന്നതുസംബന്ധമായ അവബോധം</u>**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പൊതുഗതാഗത സംവിധാനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിനും അതിലൂടെ മലിനീകരണം, ഇന്ധന ഉപയോഗം എന്നിവയുടെ തോത് കുറയ്ക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് അറിയിക്കുമോ; | (എ)<br>(ബി)<br>&<br>(സി) | സ്ത്രീ യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി വനിതകൾ ഓടിക്കുന്ന ഷീ ടാക്സി സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കി. പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ യാത്രചെയ്യുന്നതിന് ബൈക്ക് ടാക്സി പ്രാവർത്തികമാക്കി. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി ഇ-കാർ, ഇ-ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾക്ക് സംസ്ഥാനത്ത് സർവ്വീസ് നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്. പരിസരമലിനീകരണം കുറയ്ക്കുന്നതിനായി പൊതുയാത്രാ സംവിധാനങ്ങളിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ, പൊതുഗതാഗത സംവിധാനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളെ കൂടുതലായി പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ആകർഷിക്കുന്നതിനും വേണ്ടി 'ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം' എന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ട്. കൂടാതെ 5 ലക്ഷത്തിനു മുകളിൽ ജനസംഖ്യയുള്ള പട്ടണങ്ങളിലെ പൊതുഗതാഗത സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇത് നിയമമാകുമ്പോൾ പൊതുഗതാഗത സംവിധാനം ജനങ്ങൾക്ക് കൂടുതൽ ഫലപ്രദമായി തീരുന്നതാണ്. |
| (ബി) | ഇതു സംബന്ധമായ അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിന് ആവശ്യമായ പ്രചാരണ പരിപാടികൾ നടപ്പിലാക്കുമോ; | | |
| (സി) | അവയുടെ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ